"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ശ്രീമതി പി രാജേശ്വരി മാനേജർ വി വി ഹയർ സെക്കണ്ടറിസ്കൂൾ, താമരക്കുളം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) NO 42778/2023 ൽ 19/12/2023 പുറപ്പെടുവിച്ച വിധിന്യായവും ശ്രീ ഹരിശങ്കർ ആർ ഫയൽ ചെയ്ത RP No.74/2024 ന്റെ വിധിന്യായവും പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ ഡി എ വകുപ്പ്**

സ.ഉ.(അച്ചടി) നം.12/2024/GEDN തീയതി,തിരുവനന്തപുരം, 19-04-2024

---

പരാമർശം:-

1. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/ 12/ 2023 ലെ B5/3406/2023 നമ്പർ നടപടി ഉത്തരവ്
2. ബഹു. കേരളാ ഹൈക്കോടതിയുടെ WP(C) 42778/2023 ലെ 19/12/2023 ലെ വിധിന്യായം
3. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ RP 74/2024 ലെ 30/ 01/ 2024 ലെ വിധിന്യായം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/02/2024 ലെ ഇ സി 1 /967/2024/ ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന താമരക്കുളം വി.വി.എച്ച്.എസ്.സ്കൂളിലെ എഫ്.റ്റി.എം ആയ ശ്രീ ആർ ഹരിശങ്കറിനെ വേലവിലക്ക് ചെയ്തുകൊണ്ടുള്ള മാനേജറുടെ ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദ് ചെയ്തതിനെതിരെ മാനേജർ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ 42778/2023 ൽ ഹർജിക്കാരെനെയും 5-ാം എതിർകക്ഷിയെയും നേരിൽ കേട്ട് തീരുമാനമെടുക്കാൻ പരാമർശം രണ്ട് പ്രകാരം 1-ാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതേ സമയം ടി സ്കൂളിൽ എഫ് റ്റി എം ഉം 42778/2023 റിട്ട് ഹർജിയിലെ 5-ാം എതിർകക്ഷിയുമായ ആർ.ഹരിശങ്കർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനിലെ (ആർ പി നം. 74/2024) പരാമർശം (3) വിധി ന്യായത്തിൽ ടിയാന്റെ ലീവ് അപേക്ഷ കൂടി പരിശോധിച്ച് തീരുമാനമെടുക്കാൻ ഉത്തരവായിരുന്നു.

2. റിട്ട് ഹർജി നമ്പർ 42778/2023 തീർപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിന് പൊതു വിദ്യാഭ്യാസ (ഡി എ) വകുപ്പ് അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ,ചുമതലപ്പെടുത്തിയതിൻ പ്രകാരം 25/03/2024 ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിൽ ഹർജിക്കാരിക്ക് വേണ്ടി ടിയാളുടെ അഡ്വക്കറ്റ് ഹാജരായി. ശ്രീ. ഹരി ശങ്കറും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും ഹിയറിങ്ങിനു ഹാജരായിരുന്നു. ഹിയറിങ്ങിൽ പങ്കെടുത്തവരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു

അഡ്വ. പ്രസാദ് വി.ജി (ഹർജിക്കാരിയ്ക്ക് വേണ്ടി)

3. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള താമരക്കുളം വി.വി ഹയർസെക്കന്ററി സ്കൂളിൽ 09.06.2022 മുതൽ കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 51ബി അവകാശിയായിരുന്ന ശ്രീ. ആർ ഹരിശങ്കറിനെ എഫ്.റ്റി എം ആയി നിയമിച്ചു. ടിയാൻ എഫ്.റ്റി.എം തസ്തികയിലാണ് ജോലിയിൽ പ്രവേശിച്ചതെങ്കിലും ടി തസ്തികയുമായി ബന്ധപ്പെട്ടുള്ള ജോലികൾ നിർവ്വഹിക്കുന്നതിൽ തുടക്കം മുതൽ വിമുഖതയും അവയെല്ലാം തനിക്ക് മാനക്കേടാണെന്ന മനോഭാവത്തിലുമായിരുന്നു പ്രവർത്തിച്ചു പോന്നിരുന്നത്. 12.05.2023, 25.08.2023 എന്നീ തീയതികളിൽ പി റ്റി എ എക്സിക്യൂട്ടീവ് യോഗങ്ങളിൽ പരാതി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ടിയാന്റെ കൃത്യ നിർവ്വഹണത്തിലെ മേൽ വീഴ്ച പല അവസരത്തിലായി പ്രഥമാദ്ധ്യാപകൻ മാനേജരുടെ ശ്രദ്ധയിൽപെടുത്തുകയും ടിയാൻ സ്കൂൾ കാമ്പസും ശുചിമുറികളും വൃത്തിയായി പരിപാലിക്കാത്തതിനാൽ സ്കൂളിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് നം. 14/2023/തീയതി 01.06.2023 കത്തിലൂടെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

4. ശ്രീ. ഹരിശങ്കർ 18.10.2023 മുതൽ ജോലിക്കു ഹാജരാകുന്നില്ല എന്ന വിവരം പ്രഥമാദ്ധ്യാപകൻ മാനേജരെ അറിയിക്കുകയുണ്ടായി. മാത്രമല്ല ടിയാൻ കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII.B പ്രകാരം 09.10.2023 തീയതി രേഖപ്പെടുത്തിയ പഠനാവശ്യത്തിനായുള്ള അവധി അപേക്ഷ രജിസ്റ്റേഡ് തപാലിൽ മാനേജർക്ക് അയക്കുകയുണ്ടായി. പിന്നീട് നടത്തിയ അന്വേഷണത്തിൽ ടിയാൻ അവധി അപേക്ഷയുടെ തീയതിയിൽ തന്നെ പവിത്രേശ്വരം കെ.എൻ.എൻ.എം ടി.ടി.ഐ യിൽ ഡി.എൽ.ഇ.ഡി കോഴ്സിന് ഫീസ് ഒടുക്കി പ്രവേശനം നേടിയതായി മനസ്സിലാക്കി. ശ്രീ.ഹരിശങ്കർ പര്യാപ്തമായ അധികാരിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെയാണ് പ്രസ്തുത കോഴ്സിന് അഡ്മിഷൻ നേടിയിരിക്കുന്നത്. തുടർന്നാണ് ടിയാന്റെ അവധി അപേക്ഷ 17.10.2023-ലെ കത്ത് പ്രകാരം നിരസിച്ച് മടക്കി നൽകിയത്. ഇതിനു മറുപടി നൽകാതെ ടിയാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നം.ബി5/3001/2023/തീയതി 30.10.2023 കത്ത് പ്രകാരം ശ്രീ. ആർ ഹരിശങ്കറിന്റെ നിരീക്ഷണകാലം പൂർത്തീകരിച്ചു സാക്ഷ്യപ്പെടുത്താത്തതിന്റെ കാരണം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടു.

5. ശ്രീ. ആർ.ഹരിശങ്കർ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിൽക്കുന്നതിന്റെ കാരണം ബോധിപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് ടിയാന് 07.11.2023 -ൽ നോട്ടീസ് നൽകി. ഇതിനു മുമ്പായി ടിയാന്റെ ജോലിയും പ്രവർത്തിയും തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ദീർഘിപ്പിച്ചുകൊണ്ട് നം. 23/2023/തീയതി 05.06.2023 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കത്തിനു മറുപടിയായി ശ്രീ. ആർ ഹരിശങ്കറുടെ പ്രൊബേഷൻ ദീർഘിപ്പിച്ച നം. 23/2023/തീയതി 05.06.2023 ഉത്തരവിന്റെ പകർപ്പും പ്രൊബേഷൻ ദീർഘിപ്പിക്കുന്നതിനുള്ള കാരണങ്ങളും വിശദീകരിച്ച് മറുപടി നൽകി. ശ്രീ.ആർ ഹരിശങ്കർ 15.11.2023 ന് നൽകിയ മറുപടി കത്തിൽ ടിയാന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചു പുറപ്പെടുവിച്ച 05.06.2023 ലെ ഉത്തരവ് പിൻവലിക്കണമെന്നും ടിയാന്റെ അവധി അംഗീകരിച്ചു നൽകണമെന്നും അവശ്യപ്പെടുകയുണ്ടായി.

6. ശ്രീ.ആർ ഹരിശങ്കറിന്റെ ദുർവാശിയും ജോലിയിലെ വീഴ്ചയും കൃത്യ വിലോപവും അചഞ്ചലമായ നിലപാടുകളും, അവധി അനുവദിച്ചു ലഭിക്കാതെ അവധി തന്റെ അവകാശമെന്ന നിലയിൽ സേവനത്തിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്തിട്ടുള്ളതിനാൽ ടിയാനെതിരായി അച്ചടക്ക നടപടി സ്വീകരിക്കാൻ മാനേജർ നിർബന്ധിതനായിത്തീരുകയും അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ പ്രാരംഭ നടപടിയായി ടിയാനെ 15 ദിവസത്തേക്ക് സസ്പെന്റ് ചെയ്തുകൊണ്ട്

നം.27/2023/തീയതി 29.11.2023 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. തുടന്ന് കുറ്റാരോപണ പത്രികയും കാരണം കാണിക്കൽ നോട്ടീസും നൽകി. ഇവയുടെ പകർപ്പുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ 12.12.2023 ൽ പ്രാഥമിക അന്വേഷണ നടപടികൾ ആരംഭിച്ചുവെങ്കിലും പ്രാഥമിക അന്വേഷണത്തിന് പകരം ഓരോരുത്തരേയും പ്രത്യേകമായി അടച്ചിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ചേമ്പറിൽ വിളിച്ച് വരുത്തി നേർ കൂടിക്കാഴ്ച നടത്തുകയാണുണ്ടായത്.

7. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിഷ്പക്ഷതയിൽ സംശയം ജനിപ്പിക്കുന്ന ടി നടപടിക്കെതിരായി അന്നേ ദിവസം തന്നെ രേഖാമൂലം ബന്ധപ്പെട്ട കക്ഷികളുടെ പൊതു സാന്നിദ്ധ്യത്തിൽ കൂടിക്കാഴ്ച നടത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചു. തുടർന്നാണ് ഒട്ടും സുതാര്യതയില്ലാത്ത നം. ബി5/3406/2023/തീയതി 13.12.2023 ഉത്തരവ് പുറപ്പെടുവിക്കുകയും ശ്രീ. ആർ ഹരിശങ്കറിന് ലീവ് അനുവദിക്കുകയോ അല്ലെങ്കിൽ സേവനത്തിൽ തിരികെ പ്രവേശിക്കുവാനോ മാനേജർക്ക് നിർദ്ദേശം നൽകി..

8. ടിയാൻ കോഴ്സിന് ഫീസടച്ച് പ്രവേശനം നേടിയത് 09.10.2023 ലാണ്. 09.10.2023 തീയതി രേഖപ്പെടുത്തിയാണ് രജിസ്റ്റേഡ് തപാലിൽ അവധി അപേക്ഷ സമർപ്പിച്ചത്. തുടർന്ന് 18.10.2023 മുതൽ അവധി അനുവദിച്ചു ലഭി ക്കുന്നതിനു മുമ്പായി സ്വയം ജോലിയിൽ നിന്ന് വിട്ടു നിൽക്കുകയും ഡി. എൽ.ഇ.ഡി. കോഴ്സിന് പ്രവേശിക്കുകയും ചെയ്തു. ഇപ്രകാരം ശ്രീ. ഹരിശങ്കർ ചട്ടങ്ങളും നിയമങ്ങളും ലംഘിച്ച് പ്രവേശനം നേടുകയും അവധി അനുവദിച്ചു ലഭിക്കാതെ സ്വയം സേവനത്തിൽ നിന്ന് വിട്ടുപോയിട്ടുള്ള വസ്തുതകളൊന്നും ഉത്തരവ് പുറപ്പെടുവിക്കുന്ന വേളയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിഗണിച്ചിട്ടില്ല. കെ.എസ്. ആർ. പാർട്ട് I അപ്പൻഡിക്സ് XII A ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. "ഈ ചട്ടങ്ങൾ പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി ഡ്യൂട്ടിയിൽ നിന്ന് വിട്ടുപോകുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതും 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വ്യവസ്ഥ ചെയ്തതിട്ടുള്ള നടപടിക്രമം പാലിച്ചതിനു ശേഷം അവരുടെ സേവനം അവസാനിപ്പിക്കുന്നതുമാണ്. ഇങ്ങനെയുള്ള കേസുകളിൽ സർക്കാർ സർവ്വീസിലേക്ക് പുനർനിയമനത്തിനുള്ള അഭ്യർത്ഥനകളും മുകളിലെ ചട്ടം ആറിൽ ഉൾപ്പെടുന്ന കേസുകളും ഉടൻ തന്നെ നിരസിക്കുന്നതാണ്." മേൽ ചട്ട പ്രകാരം ശ്രീ.ആർ ഹരിശങ്കറിന് ഇനിയും അവധി അനുവദിക്കാനോ സർവ്വീസിൽ പുനഃപ്രവേശിക്കാനോ കഴിയുന്നതല്ല.

9. ബഹു. സുപ്രീം കോടതിയുടെ Civil Appeal No. 4532/2009 (2009) 15 SC കേസിന്മേലുള്ള 16.07.2009ലെ വിധിന്യായത്തിൽ അവധി ജീവനക്കാരനിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അവകാശമല്ല എന്നും ഭരണപരമായ ആവശ്യകതകൾ അനുസരിച്ച് മാത്രമെ അവധി അനുവദിക്കാനാവൂ എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2000 ത്തോളം കുട്ടികൾ പഠിക്കുന്ന സ്കൂളിൽ നിലവിലുള്ള 3 എഫ് റ്റി എം തസ്തികയിൽ ഒരെണ്ണം ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും ടിയാന് അവധി അനുവദിക്കാനാകില്ല.

10. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.12.2023 ഉത്തരവിനെതിരെയാണ് ബഹു. പൊതു വിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ റിവിഷൻ ഹർജിയും ബഹു. ഹൈക്കോടതിയിൽ WP (C) 42778/2023 റിട്ട് ഹർജിയും ഫയൽ ചെയ്തത്.

11. റിവിഷൻ ഹർജിയിലെ ആവശ്യങ്ങൾ ചുവടെ വിവരിക്കുന്നവയാണ്.

i) ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ട ഫയലും രേഖകളും

വിളിച്ചു വരുത്തി അസ്സൽ റദ്ദ് ചെയ്യണം.

ii) ശ്രീ. ആർ ഹരിശങ്കറിനെതിരായി ആരംഭിച്ച നിയമപരവും സാധുവുമായ അച്ചടക്കനടപടി തുടരുന്നതിന് അനുമതി നൽകണം.

iii) ശ്രീ. ആർ. ഹരിശങ്കറിന്റെ 15 ദിവസത്തെ സസ്പെൻഷൻ കാലയളവ് ദീർഘിപ്പിച്ച് അനുമതി നൽകണം.

ശ്രീ. ആർ.ഹരിശങ്കർ

12. ആലപ്പുഴ ജില്ലയിൽ മാവേലിക്കര വിദ്യഭ്യാസ ജില്ലയിൽപ്പെടുന്ന വി.വി.എച്ച്. എസ് താമരക്കുളം എന്ന എയിഡഡ് വിദ്യാലയത്തിൽ 09.06.2022 മുതൽ എഫ്.റ്റി.എം ആയി അംഗീകാരത്തോടെ തുടർന്നുവരികയാണ്. ഇതേ സ്കൂളിൽ എച്ച്.എസ്.എ ആയിരുന്ന പിതാവ് ശ്രീ പി. രാജൻപിള്ള 04.07.2015 ൽ സർവീസിലിരിക്കെ മരണപ്പെട്ടതിനാൽ കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 51 B പ്രകാരമാണ് സ്കൂൾ മാനേജർ എഫ്.റ്റി.എം ആയി നിയമിച്ചത്. അർപ്പിതമായ കർത്തവ്യങ്ങളിൽ യാതൊരു വീഴ്ചയും വരുത്താതെ കൃത്യമായും ഉത്തര വാദിത്വത്തോടെയുമാണ് ജോലികൾ ചെയ്തു വന്നിരുന്നത്. ഇത് സംബന്ധിച്ച് പ്രധാന അദ്ധ്യാപകനോ കൂടെ ജോലി ചെയ്യുന്ന മറ്റ് മീനിയൽസോ യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ല. ആകയാൽ ജോലിയിൽ വിമുഖത കാട്ടി എന്ന തരത്തിൽ മാനേജരുടെ റിവിഷൻ പെറ്റീഷനിൽ ആരോപിച്ചിരിക്കുന്നത് വസ്തുതാ വിരുദ്ധമാണെന്ന് പ്രാഥമികമായി പറയട്ടെ.

13. 09.06.2022 ൽ എഫ്.റ്റി.എം ആയി ജോലിയിൽ പ്രവേശിച്ച തനിക്ക് 07.02.2023 -ൽ നിയമന തീയതി മുതൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകയാൽ 08.06.2023 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ലഭിക്കേണ്ടതായിരുന്നു. യഥാസമയം അപേക്ഷ നൽകിയെങ്കിലും മാനേജർ യാതൊരു കാരണവുമില്ലാതെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് നീട്ടിക്കൊണ്ടു പോയി. എസ്.എസ്.എൽ.സി ക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസും പ്ലസ് ടു വിന് 95.6% മാർക്കോടെ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ്സും നേടി ഇംഗ്ലീഷ് ഐച്ഛിക വിഷയമായെടുത്ത് ഡിഗ്രിക്ക് പഠിക്കുന്ന മൂന്നാം വർഷത്തിലാണ് എഫ്.റ്റി.എം ആയി നിയമനം ലഭിക്കുന്നത്.

14. പ്രസ്തുത ജോലി സ്വീകരിച്ചില്ലെങ്കിൽ 51 B പ്രകാരമുള്ള ക്ലെയിം നഷ്ടപ്പെടുമെന്ന ആശങ്കയിലാണ് പഠനം അവസാന ഘട്ടത്തിൽ ഉപേക്ഷിച്ച് ജോലിയിൽ പ്രവേശിച്ചത്. എന്റെ പിതാവ് മരണപ്പെടുന്നതിന് മുൻപ് 10 വർഷത്തോളം കിഡ്നി രോഗ ബാധിതനായി എറണാകുളം അമൃത ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ചികിത്സക്കായി ചെലവായ ഭീമമായ തുകയുടെ കടം ഞങ്ങളെ സാമ്പത്തികമായി തളർത്തിയിരുന്നു. ഇതിനിടയിൽ അമ്മ പുനർവിവാഹം നേടി മാറി താമസിക്കാൻ തുടങ്ങിയതോടെ താനും സ്കൂൾ വിദ്യാർത്ഥിയായ അനുജനും മുത്തശ്ശിയോടൊപ്പമായി താമസം. സാമ്പത്തികമായി ആകെ ഞെരുങ്ങിയ വേളയിൽ ലഭിച്ച വലിയൊരു ആശ്വാസമായിരുന്നു എഫ്.റ്റി.എം ജോലി.

15. അപ്രതീക്ഷിതമായിട്ടാണ് മാനേജർ തന്നെ എഫ്.റ്റി.എം ആയി നിയമിച്ചത്. ഇക്കാരണത്താൽ ഡിഗ്രി പഠനം പൂർണ്ണമായും മുടങ്ങി. പഠിക്കുവാനും കൂടുതൽ ഉയരങ്ങളിൽ എത്തുവാനുമുള്ള ആഗ്രഹ സാഫല്യത്തിനായാണ് താൻ 2023-24 വർഷത്തെ D.El.Ed കോഴ്സിന് അപേക്ഷ നൽകിയത്. പഠനാവശ്യത്തിന് അവധി എടുക്കുന്നത് കെ. എസ്. ആർ ഭാഗം 1 അനുബന്ധം XII B പ്രകാരമാണെന്നും അനുമതി നൽകേണ്ടത് ഗവൺമെൻ്റ് ആണെന്നും അക്കാലത്ത് തന്നെ താൻ മനസ്സിലാക്കിയിരുന്നു. കോഴ്സിന് അഡ്മിഷൻ ഉറപ്പായ

ശേഷം കാലാവധി വ്യക്തമായി കാണിച്ചു വേണം അവധി അപേക്ഷ സമർപ്പിക്കേണ്ടത്. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് D.El.Ed Application സമർപ്പിക്കുമ്പോൾ ജനറൽ കാറ്റഗറിയിൽപ്പെട്ട എനിക്ക് അഡ്മിഷൻ ലഭിക്കുമെന്ന് ഉറപ്പില്ലായിരുന്നു. എന്നിട്ടും ഉടനെ തന്നെ NOC യ്ക്കായി മാനേജർക്ക് അപേക്ഷ നൽകി. "അഡ്മി ഷൻ കിട്ടിയില്ലല്ലോ, കിട്ടട്ടെ, അപ്പോൾ പരിഗണിക്കാം" എന്ന് വാക്കാൽ പറഞ്ഞുകൊണ്ട് ഈ അപേക്ഷ മാനേജർ കൈയ്യിൽ വച്ചിരിക്കുകയായിരുന്നു. ഇതിൽ നിന്നും അറിയിപ്പ് നൽകാതെയാണ് പഠിക്കാൻ പോകാൻ തീരുമാനിച്ചതെന്ന് മാനേജരുടെ വാദം തെറ്റാണെന്നു കാണാം.

**16.** 27.09.2013 -ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോഴാണ് തനിക്ക് അഡ്മിഷൻ ഉറപ്പായ വിവരം അറിയുന്നത്. അപ്പോൾ തന്നെ ലീവ് അപേക്ഷ ഹെഡ്മാസ്റ്റർക്ക് നൽകിയെങ്കിലും അദ്ദേഹം അത് കൈപ്പറ്റാൻ വിസമ്മതിച്ചു. തുടർന്ന് തപാൽ മാർഗ്ഗം അയച്ചുകൊടുത്ത അപേക്ഷ അകാരണമായി വച്ചു താമസിപ്പിക്കുകയും കോഴ്സ് തുടങ്ങുന്നതിന്റെ തലേ ദിവസം 17.10.2023 ൽ നിരാകരിച്ചുകൊണ്ട് മാനേജരും അതേ തീയതിയിൽ പ്രധാനാദ്ധ്യാപകനും അറിയിപ്പ് നൽകുകയുമായിരുന്നു.

17. എയിഡഡ് സ്കൂളുകളിലെ നിയമനാധികാരി മാനേജരാണെങ്കിലും കെ. ഇ. ആർ അദ്ധ്യായം XIVA റൂൾ 58, 58(3) പ്രകാരം അവധി അനുവദിക്കുന്നതിനുള്ള അധികാരി സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ ഓഫീസർ, അല്ലെങ്കിൽ ഹൈസ്കൂൾ എച്ച്. എം ആകുന്നു. പഠന അവധിയും, സ്പെഷ്യൽ ഡിസ്എബിലിറ്റി അവധിയും അനുവദിക്കുന്നതിന് ഗവൺമെന്റിന് മാത്രമാണധികാരം. അനുവദിക്കുന്ന അധികാരിക്ക് മാത്രമേ നിരാകരിക്കാനും അവകാശമുള്ളൂ എന്നതാണ് സാമാന്യ തത്വം. താൻ അപേക്ഷിച്ച പഠനാവധി അനുവദിക്കേണ്ടത് ഗവൺമെന്റാണെന്നിരിക്കെ യാതൊരധികാരവുമില്ലാതെ ആയത് മാനേജർ നിരാകരിച്ചു നൽകിയത് ചട്ടങ്ങളുടെ പിൻബലമില്ലാതെയാകുന്നു. ഇതേ അധ്യായത്തിലെ റൂൾ 58(2) ന് ചുവടെയുള്ള നോട്ടിൽ പറഞ്ഞിരിക്കുന്നത് പ്രധാനാദ്ധ്യാപകൻ നൽകിയ അവധി അപേക്ഷ ബന്ധപ്പെട്ട അധികാരിക്ക് മൂന്നു ദിവസത്തിനുള്ളിൽ നൽകാൻ മാനേജർ തയ്യാറാകുന്നില്ലെങ്കിൽ വിദ്യാഭ്യാസ ഓഫീസർക്ക് നേരിട്ട് നടപടി സ്വീകരിക്കാം എന്നാണ്.

18. ഇതനുസരിച്ചാണ് താൻ മാവേലിക്കര ഡി.ഇ.ഒക്ക് അപേക്ഷ നൽകിയതും അത് അവിടെ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തതും. അനുബന്ധം XII B പ്രകാരമുള്ള അപേക്ഷ ഗവൺമെന്റിലേക്ക് കൈമാറുന്നതിനു പകരം മാനേജരുടെ ശുപാർശ ഇല്ലാതെ അയച്ചതിൽ വിശദീകരണം ചോദിച്ച് ഡി. ഇ.ഒ യ്ക്ക് മടക്കുകയാണ് വിദ്യാഭ്യാസ ഡയറക്ടർ ചെയ്തതെന്നത് ഖേദകരമാണ്. മാനേജർ അയക്കുന്നില്ലെങ്കിൽ ഡി.ഇ.ഒയ്ക്ക് നേരിട്ട് നടപടി എടുക്കാം എന്ന് റൂൾ 58 (2) ന്റെ നോട്ടിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ടു തന്നെ ഡി ഇ ഒ യുടെ നടപടി ചട്ടപ്രകാരമാണ്.

19. ഈ സാഹചര്യത്തിൽ മാനേജർ നൽകിയിട്ടുള്ള റിവിഷൻ പെറ്റിഷനോടൊപ്പം താഴെപ്പറയുന്ന സംഗതികൾ കൂടി പരിഗണിക്കണം.

09.06.2022 ൽ ജോലിയിൽ പ്രവേശിച്ച താൻ കർത്തവ്യത്തിൽ വീഴ്ചവരുത്തി യതായ യാതൊരു പരാതിയും സഹ മീനിയൽസോ പ്രധാനാദ്ധ്യാപകനോ ഉന്നയിച്ചിട്ടില്ല. D.El.Ed കോഴ്സിനു ചേരാൻ മുൻകൂർ അനുമതി മാനേജരോട് ഞാൻ ചോദിച്ചിരുന്നുവെങ്കിലും ആയത് നൽകിയില്ല. അഡ്മിഷൻ ലഭിച്ചശേഷം ഓണം അഡ്വാൻസിന്റെ ബാക്കി തുക ഒരുമിച്ച് തിരിച്ചടച്ച് എച്ച്.എം നെ ബോധ്യപ്പെടുത്തിയ ശേഷമാണ് ഞാൻ അവധിയിൽ പ്രവേശിച്ചത്. അനധികൃതമായി ആബ്സന്റ് ആവുകയായിരുന്നുവെന്നത് ശരിയല്ലെന്ന് ഇതിൽ നിന്നും

മനസ്സിലാക്കാം. പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയപ്പോൾ എച്ച്.എം പ്രത്യേക ബില്ലെഴുതി എനിക്ക് ഇൻക്രിമെൻ്റ് അനുവദിച്ചു തന്നിരുന്നു. പ്രൊബേഷൻ ദീർഘിപ്പിക്കുന്നതിന് ഡി.ഇ.ഒ യുടെ മുൻകൂർ അനുമതി വേണമെന്ന റൂൾ 6(b) പാലിക്കാതെയാണ് 02.11.2023 -ൽ 5 മാസങ്ങൾക്കു മുൻപുള്ള 02.06.2023 തീയതി വച്ച ഉത്തരവ് മാനേജർ നൽകിയത് .ഇത്തരത്തിൽ ഒരറിയിപ്പ് ഡി.ഇ.ഒ യിൽ ലഭിച്ചിട്ടില്ലെന്ന് 13.12.2023 ലെ ഉത്തരവിൽ ഡി.ഇ.ഒ വ്യക്തമാക്കിയിട്ടുണ്ട്.

20. ലീവ് അനുവദിക്കുന്ന അധികാരിക്ക് മാത്രമേ അത് നിരാകരിക്കുകയോ നിരസിക്കുകയോ ചെയ്യാനാകൂ എന്നിരിക്കെ തന്റെ അപേക്ഷ നിരസിച്ച 19.10.2023 ലെ മാനേജരുടെ ഉത്തരവ് നിയമ വിരുദ്ധമാണ്. അവധി എടുക്കുന്ന ജീവനക്കാർക്ക് പകരം സംവിധാനം ഒരുക്കുന്നതിന് മാത്രമാണ് അപേക്ഷ മാനേജർക്ക് നൽകുന്നത്. ലീവ് അപേക്ഷ നിരസിക്കാനുണ്ടായ കാരണങ്ങളിലൊന്നായി മാനേജർ പറഞ്ഞിരിക്കുന്നത് ഒരു വർഷം അധികരിക്കുന്ന അവധിയായതിനാൽ സംരക്ഷിത ബാങ്കിൽ നിന്നും നിയമിക്കണമെന്നും അതിനായി ബാങ്കിൽ മീനിയൽസ് ലഭ്യമല്ലെന്നുമാണ്. ആളെ കിട്ടാതെ വന്നാൽ ദിവസവേതനത്തിൽ പകരം നിയമിക്കണമെന്നത് സൗകര്യപൂർവ്വം വിസ്മരിച്ചു.

21. കാരണം കാണിക്കൽ നോട്ടീസും കുറ്റാരോപണ മെമ്മോയും നൽകിയിരിക്കുന്നത് 29.11.2023 ൽ ആണ്. 15 ദിവസത്തിനകം മറുപടി നൽകണമെന്ന നിർദ്ദേശത്തോടെ കാരണം കാണിക്കൽ നോട്ടീസ് നൽകിയ അതേ തീയതിയിൽ, അതായത് 29.11.2023 ൽ തന്നെ സസ്പെൻഡ് ചെയ്തു. ഇത് ചട്ടപ്രകാരമല്ല. ദുരുദ്ദേശപരമായി ധൃതിപ്പെട്ട് കൈക്കൊണ്ട നടപടിയാണിത്. ലീവ് അപേക്ഷ നിരസിച്ച മാനേജരുടെ ഉത്തരവും അക്കാര്യം അറിയിച്ചു കൊണ്ടുള്ള എച്ച്.എം ന്റെ കത്തും ഒരേ തിയ്യതിയിലുള്ളതാണ്. (17.10.2023) ഈ രണ്ട് അധികാര സ്ഥാനങ്ങളും മുൻധാരണയോടെയാണ് പ്രവർത്തിക്കുന്നത്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത് സംബന്ധിച്ച് താൻ ഡി.ഇ.ഒ യ്ക്ക് പരാതി നൽകിയതിനാലാണ് 5 മാസം മുൻപുള്ള വ്യാജ തീയതി വച്ച് 02.11.2023 ൽ മാനേജർ ഉത്തരവുണ്ടാക്കിയത്. ഡി.ഇ.ഒ യിൽ നിന്നും വിപരീത നടപടി ഉണ്ടായേക്കാമെന്നത് പ്രതിരോധിക്കാനാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

22. എസ്.എസ്.എൽ.സിക്കും, പ്ലസ് ടു വിനും മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ഉണ്ടായിരുന്നിട്ടും D.El.Ed കോഴ്സിന്റെ ആദ്യ ഓപ്ഷനുകളായിരുന്ന Govt/Aided TTI കളിൽ അഡ്മിഷൻ ലഭിച്ചിരുന്നില്ല. സംവരണാനുകൂല്യം ഇല്ലാത്ത തനിക്ക് ഏററവും ഒടുവിൽ മെരിററിൽ ആണെങ്കിലും സ്വാശ്രയ TTI ൽ മാത്രമാണ് അഡ്മിഷൻ കിട്ടിയത്. വരും വർഷങ്ങളിൽ മൽസരം വീണ്ടും കഠിനമായേക്കും എന്നതിനാൽ അഡ്മിഷൻ എടുക്കുക മാത്രമായിരുന്നു ഏകപോംവഴി.

23. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഉടനെ തന്നെ ഇന്റർവ്യൂവിന് വിളിക്കുകയും രണ്ടാഴ്ചയ്ക്കുള്ളിൽ കോഴ്സ് തുടങ്ങുകയും ചെയ്തിരുന്നു. ഇക്കാരണത്താലും, ജോയിൻ ചെയ്തില്ലെങ്കിൽ അഡ്മിഷൻ നഷ്ടപ്പെടുമെന്ന പ്രിൻസിപ്പാളിന്റെ അറിയിപ്പ് ലഭിച്ചതിനാലുമാണ് അവധി അനുവദിച്ച് കിട്ടുന്നതിനു മുൻപു തന്നെ പ്രധാന അദ്ധ്യാപകന് അറിയിപ്പ് നൽകി അവധി അനുവദിക്കപ്പെടുമെന്ന പ്രതീക്ഷയിൽ കോഴ്സിനു ചേരാൻ നിർബന്ധിതനായത്.

24. മേൽപ്പറഞ്ഞ കാരണങ്ങളാൽ,

09.06.2023 പ്രാബല്യത്തിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നിർദ്ദേശം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണമെന്നും അവധി അനുവദിക്കുന്നതിനു മുൻപ് കോഴ്സിന് ചേരാനുണ്ടായ സാഹചര്യം മാപ്പാക്കി 18/10/2023 മുതൽ 2 വർഷത്തേയ്ക്ക് പവിത്രേശ്വരം K.N.M.M.

TTI യിൽ D.El.Ed കോഴ്സ് പഠിക്കുന്നതിന് കെ.എസ്.ആർ പാർട്ട് 1 അപ്പെൻഡിക്സ് XII B പ്രകാരം പഠനാവധി അനുവദിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി.

25. ശ്രീ.ആർ.ഹരിശങ്കർ 09/06/2022 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും 08/06/2023 അപരാഹ്നത്തിൽ നിരീക്ഷണകാലം പൂർത്തീകരിക്കുകയും ഇതിനനുസൃതമായി ടിയാന്റെ വാർഷിക വേതന വർദ്ധനവ് പ്രധാനാധ്യാപകൻ അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്. എന്നാൽ ടിയാന്റെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല എന്ന് കാട്ടി ടിയാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജരോട് റിപ്പോർട്ട് ആവശ്യപ്പെട്ടതിനു ശേഷം മാത്രമാണ് നീരിക്ഷണകാലം മാനേജർ നീട്ടി നൽകിയ ഉത്തരവ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ലഭ്യമാക്കുന്നത്. കൂടാതെ വിദ്യാഭ്യാസ ഓഫീസറുടെ അനുമതിയോടെ അല്ല നിരീക്ഷണകാലം നീട്ടി നൽകിയത്.

26. ശ്രീ.ആർ.ഹരിശങ്കർ ഡി.എൽ.എഡ് കോഴ്സിനു ചേരുന്നതിനായി ശൂന്യവേതന അവധി അപേക്ഷ പ്രധാനാധ്യാപകനും മാനേജർക്കും നൽകുകയും മാനേജർ ടി അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന സർക്കാരിലേക്ക് നൽകുന്നതിനു പകരമായി ടിയാന് അവധി അനുവദിച്ചാൽ സംരക്ഷിത ജീവനക്കാരുടെ ബാങ്കിൽ നിന്നും നിയമനം നടത്താൻ ആളില്ല എന്ന കാരണത്താൽ ടി അപേക്ഷ മടക്കി നൽകുകയും ചെയ്തിരുന്നു. മടക്കി നൽകിയ അപേക്ഷ ടിയാൻ നേരിട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചു. ടി കോഴ്സിന്റെ ക്ലാസുകൾ ആരംഭിച്ചതിനാൽ ടിയാൻ അവധി അനുവദിക്കാതിരുന്നിട്ടും തുടർന്ന് സ്കൂളിൽ ഹാജരായില്ല. ടി സാഹചര്യത്തിൽ ടിയാന്റെ അനധികൃത ഹാജരില്ലായ്മ കാട്ടി മാനേജർ വേലവിലക്ക് ഏർപ്പെടുത്തി ഉത്തരവിറക്കി.

27. മാനേജർ ഏർപ്പെടുത്തിയ വേലവിലക്കിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്ത ഒരു കൂടിക്കാഴ്ച നടത്തിയിരുന്നു. ടി കൂടിക്കാഴ്ചയിൽ ശ്രീ ഹരിശങ്കറിന്റെ നീരിക്ഷണകാലം നീട്ടിയ മാനേജറുടെ ഉത്തരവ് ശരിയായ നടപടിയല്ലെന്നും കൂടാതെ ടിയാൻ ജോലിയിൽ കൃത്യവിലോപം കാട്ടി എന്ന് ആരോപിക്കുന്നുണ്ടെങ്കിലും ടി പ്രവർത്തിയിൽ ടിയാന് മെമ്മോ നൽകുകയോ രേഖാമൂലം വിശദീകരണം ആവശ്യപ്പെടുകയോ മാനേജർ ചെയ്തിട്ടില്ല എന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തി. ടിയാന്റെ അവധി അപേക്ഷ മാനേജറും പ്രധാനാധ്യാപനും തിരിച്ച് അയച്ചതിനാൽ ആണ് ടിയാൻ നേരിട്ട് അവധി അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ചത്. ശ്രീ.ഹരിശങ്കറിന്റെ അവധി അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസർ KER അദ്ധ്യായം 14 എ ചട്ടം 58(2) പ്രകാരം പുനർസമർപ്പിച്ചിട്ടുണ്ട്. ആയതു സർക്കാരിന്റെ പരിഗണക്കു സമർപ്പിച്ചിട്ടുണ്ട്.

28. ഈ വിഷയം ഹർജിക്കാരുടെയും എതിർകക്ഷിയുടെയും വാദഗതികൾ ,പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം,കേരള എജ്യൂക്കേഷൻ റൂൾസ്, കേരള സർവീസ് റൂൾസ് എന്നിവയിലെ പ്രസക്തമായ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

29. മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന താമരക്കുളം വി.വി.എച്ച്.എസ്.സ്കൂളിൽ എഫ്.റ്റി.എം ആയി കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 51 ബി അവകാശിയായിരുന്ന ശ്രീ. ആർ ഹരിശങ്കറിനെ 09.06.2022 മുതൽ മാനേജർ നിയമിച്ചു. 51 B പ്രകാരമുള്ള ക്ലെയിം നഷ്ടപ്പെടുമെന്ന ആശങ്കയിലാണ് പഠനം അവസാന ഘട്ടത്തിൽ ഉപേക്ഷിച്ച് ശ്രീ ഹരിശങ്കർ എഫ്.റ്റി.എം ആയി ജോലിയിൽ പ്രവേശിച്ചത്. ശ്രീ ഹരിശങ്കറിന്റെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയപ്പോൾ തന്നെ എച്ച്.എം പ്രത്യേക ബില്ലെഴുതി ഇൻക്രിമെൻ്റ്

അനുവദിച്ച നൽകിയിരുന്നു.

30. എന്നാൽ ശ്രീ ഹരിശങ്കർ എഫ്.റ്റി.എം തസ്തികയിലാണ് ജോലിയിൽ പ്രവേശിച്ചതെങ്കിലും ടി തസ്തികയുമായി ബന്ധപ്പെട്ടുള്ള ജോലികൾ നിർവ്വഹിക്കുന്നതിൽ തുടക്കം മുതൽ വിമുഖത കാണിച്ചിരുന്നതായി മാനേജർക്ക് വേണ്ടി ഹാജരായിരുന്ന അഡ്വക്കേറ്റ് അറിയിക്കുകയുണ്ടായി. 01.06.2023 ലെ കത്തിലൂടെ പ്രഥമാധ്യാപകൻ ഈ വിവരം മാനേജരെ ധരിപ്പിച്ചിരുന്നതായും അറിയിച്ചിട്ടുണ്ട്. മാത്രമല്ല ശ്രീ. ഹരിശങ്കർ 18.10.2023 മുതൽ ജോലിക്ക ഹാജരായിരുന്നില്ല.

31. ശ്രീ.ഹരിശങ്കർ കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII.B പ്രകാരം പഠനാവശ്യത്തിനായി അവധി അപേക്ഷ രജിസ്റ്റേഡ് തപാലിൽ മാനേജർക്ക് അയച്ചിരുന്നു. എന്നാൽ പ്രസ്തുത അവധി അപേക്ഷ 17/10/2023 ലെ കത്ത് പ്രകാരം നിരസിച്ച് മാനേജർ മടക്കി നൽകി. നിയമനംഗീകാരത്തോടെ സർവീസിൽ തുടർന്ന് വന്നിരുന്ന ശ്രീ.ഹരിശങ്കർ ചട്ടം ലംഘിച്ച അവധിയിൽ പ്രവേശിച്ചതിനാലും മീനിയൽ സേവനം അനിവാര്യമാണെന്നതുമാണ് അവധി അപേക്ഷ നിരസിക്കാനുള്ള കാരണമായി പറഞ്ഞിരുന്നത്.

32. 2023-24 വർഷത്തെ D.El.Ed കോഴ്സിന് പവിത്രേശ്വരം കെ.എൻ.എൻ.എം ടി.ടി.ഐ യിൽ ശ്രീ.ആർ.ഹരിശങ്കർ അഡ്മിഷൻ നേടുകയുണ്ടായി .കോഴ്സ് തുടങ്ങുന്നതിനു മുൻപ് തന്നെ കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII.B പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ നല്കുന്നതിനു മുൻപ് രേഖാമൂലം അനുമതി വാങ്ങിയിരുന്നില്ല. അഡ്മിഷൻ ഉറപ്പില്ലാതിരുന്നിട്ടും NOC ക്കു വേണ്ടി മാനേജർക്ക് അപേക്ഷ നൽകിയിരുന്നുവെന്നും "അഡ്മിഷൻ കിട്ടിയില്ലല്ലോ, കിട്ടട്ടെ, അപ്പോൾ പരിഗണിക്കാം" എന്ന് വാക്കാൽ പറഞ്ഞുകൊണ്ട് ഈ അപേക്ഷ മാനേജർ കൈപ്പറ്റിയിരുന്നു വെന്നുമാണ് ശ്രീ.ഹരിശങ്കർ അറിയിച്ചിട്ടുള്ളത്.

33. തുടർന്ന് 07/ 11/ 2023 ന്റ അവധി അപേക്ഷ നൽകാതെയും അവധി അനുവദിച്ച ലഭിക്കാതെയും മതിയായ കാരണമില്ലാതെ സേവനത്തിൽ നിന്നും വിട്ടു നിന്നതു ചട്ട ലംഘനമായതിനാൽ അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാൻ മതിയായ കരണമുണ്ടെങ്കിൽ ബോധിപ്പിക്കാൻ നോട്ടീസു നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന് 15/11/2023 ന മറുപടി നൽകിയിരുന്നുവെങ്കിലും വിശദീകരണം തൃപ്തികരമല്ലാത്ത കാരണത്താൽ കെ ഇ ആർ അധ്യായം 14എ ചട്ടം 67 പ്രകാരം ഉത്തരവു തിയതി മുതൽ 15 ദിവസ്സത്തേക്ക് മാനേജർ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. തുടർന്ന് കാരണം കാണിക്കൽ നോട്ടീസും കുറ്റാരോപണ പത്രികയും നൽകി.

34. ഈ വിഷയം പരിശോധിച്ചതിൽ 09.06.2022 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ ഹരിശങ്കറിന്റെ നിരീക്ഷണ കാലയളവ് പൂർത്തിയായിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ പ്രധാനാധ്യാപകൻ വാർഷിക വേതന വർദ്ധനവ് അംഗീകരിച്ച നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ശ്രീ ഹരിശങ്കറിന്റെ സേവനത്തിൽ ആ കാലയളവിൽ പരാതികളൊന്നും ഉയർന്നു വന്നിരുന്നില്ല എന്ന് അനുമാനിക്കാം. അങ്ങനെയെങ്കിൽ ടിയാന്റെ സേവനം തൃപ്തികരമല്ലെന്ന് 01 .06.2023 ന മാനേജർക്ക് കത്ത് നൽകിയ പ്രധാനാധ്യാപകൻ 08.06.2023 പ്രാബല്യത്തിൽ പൂർത്തീകരിക്കേണ്ട പ്രൊബേഷന്റെ അടിസ്ഥാനത്തിൽ വേതന വർധനവും അനുവദിക്കില്ല. മാത്രമല്ല 05 .06.2023 തീയതിയിൽ കെ ഇ ആർ അധ്യായം 14എ ചട്ടം 6(b) ക്കു വിരുദ്ധമായി പ്രൊബേഷൻ ദീർഘിപ്പിച്ച ഉത്തരവിന്റെ ആധികാരികതയും സംശയാസ്പദമാണ്. ബന്ധപ്പെട്ട കക്ഷിക്ക് ഇത് ലഭിക്കുന്നത് 02/11/ 2023 ൽ മാത്രമാണ്.

35. കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII.B പ്രകാരം ശ്രീ.ഹരിശങ്കറിന്റെ അവധി അപേക്ഷ ഉചിതമാർഗ്ഗേന സർക്കാരിലേക്ക് അയക്കേണ്ടതായിരുന്നു. ഇതു നിരസിച്ച മാനേജരുടെ നടപടി

ക്രമപ്രകാരമല്ല. അവധിയിൽ പ്രവേശിക്കുന്നതിന് മുൻപ് തന്നെ അവധി അപേക്ഷ നൽകിയിരുന്നു. അപേക്ഷിക്കുന്നതിനു NOC വാങ്ങിയിരുന്നില്ല എന്നത് മാത്രമാണ് പിഴവായികാണുന്നതു. മേല്പറഞ്ഞ ചട്ടം മുൻകൂർ അനുമതികൂടാതെ അവധിയിൽ പ്രവേശിച്ച എന്ന കാരണത്താൽ എന്തെങ്കിലും തരത്തിലുള്ള ശിക്ഷ നടപടികൾ വ്യവസ്ഥ ചെയ്തിട്ടുമില്ല. കെ ഇ ആർ അദ്ധ്യായം 14 എ ചട്ടം 58(1) പ്രകാരം പഠനാവശ്യത്തിനുള്ള അവധി അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിനാണ്. ആയതിനാൽ ചട്ടം 58(2) പ്രകാരമുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്.

36. ശ്രീ ആർ.ഹരിശങ്കർ ന്റെ ജനത്തിയതി 08/06/2000 ആണ്. സ്കൂൾ വിദ്യാഭ്യാസം ഉയർന്ന ഗ്രേഡിലാണ് പൂർത്തീകരിച്ചത്. ബിരുദ വിദ്യാർത്ഥിയായിരിക്കെ പഠനം ഇടയ്ക്കു ഉപേക്ഷിച്ചാണ് 51 B അവകാശത്തിന്റെ അടിസ്ഥാനത്തിൽ താമരക്കുളം വി വി ഹയർ സെക്കന്ററി സ്കൂളിൽ എഫ് റ്റി എം ജോലി സ്വീകരിച്ചത്. 2015 ൽ ഇതേ സ്കൂളിലെ അധ്യാപകനായിരുന്ന രാജൻപിള്ളയുടെ മരണത്തെ തുടർന്ന് 'അമ്മ പുനർവാഹിതയായ' സാഹചര്യത്തിൽ ശ്രീ.ഹരിശങ്കറിന്റെയും അനുജന്റെയും ഭാവിയെക്കരുതിയാണ് പഠനത്തിൽ മികവ് പുലർത്തിയിരുന്ന ശ്രീ ഹരിശങ്കർ അത് ഉപേക്ഷിച്ച എഫ് റ്റി എം ജോലിയിൽ പ്രവേശിക്കാൻ നിർബന്ധിതമായത്. ഹൈസ്കൂൾ അസിസ്റ്റന്റ് നിയമനം നൽകാമെന്ന് നേരത്തെ മാനേജർ വാക്കാൽ പറഞ്ഞിരുന്നു എന്നാണ് ഹരിശങ്കർ അറിയിച്ചത്.

37. ഹരിശങ്കറിന്റെ D.El.Ed പഠനം അനുവദിക്കാതിരിക്കാനായി മാനേജർ രേഖകൾ കൃത്രിമമായി ചമച്ചതായി കാണുന്നു. 08/06/2023 പ്രൊബേഷൻ കാലയളവ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സേവനം തൃപ്തികരമായതുകൊണ്ടാണ് പ്രധാനാധ്യാപകൻ വാർഷിക വേതന വർദ്ധനവ് അനുവദിച്ചത്. അതിനു ശേഷമാണ് 01/06/2023 തീയതി വച്ച് സേവനം തൃപ്തികമല്ലന്ന കത്ത് പ്രധാനാധ്യാപകൻ തയ്യാറാക്കുന്നത്. തുടർന്ന് നടന്ന എല്ലാ നടപടികളും ശ്രീ. ഹരിശങ്കറിനെ പഠനത്തിൽ നിന്നും വിലക്കുക എന്ന ഉദ്ദേശ്യത്തോടെ മാനേജർ ചെയ്തതാണെന്ന് കാണാം. മാനുഷികമായ യാതൊരു പരിഗണയും ഇക്കാര്യത്തിൽ മാനേജരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

38. ഈ സാഹചര്യത്തിൽ കെ ഇ ആർ അധ്യായം 14 എ ചട്ടം 67 (8) പ്രകാരം ശ്രീ.ഹരിശങ്കർ ആർ നു വേലവിലക്കു ഏർപ്പെടുത്തികൊണ്ടുള്ള മാനേജരുടെ നടപടി റദ്ദാക്കിയ മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ പാർട്ട് I അപ്പൻഡിക്സ് XII.B പ്രകാരം ശ്രീ.ഹരിശങ്കർ ആർ പഠനാവശ്യത്തിനായി സമർപ്പിച്ച അവധി അപേക്ഷയിന്മേൽ നിയനുസൃതമായ തീരുമാനം അടിയന്തരമായി കൈക്കൊള്ളുന്നതിനു പൊതു വിദ്യാഭ്യാസ (എസ്സ്) വകുപ്പിന് നിർദ്ദേശവും നൽകുന്നു.

39. അപ്രകാരം ശ്രീമതി പി രാജേശ്വരി മാനേജർ വി വി ഹയർ സെക്കണ്ടറിസ്കൂൾ, താമരക്കുളം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) NO 42778/2023 ൽ 19/12/2023 പുറപ്പെടുവിച്ച വിധിന്യായവും ശ്രീ ഹരിശങ്കർ ആർ ഫയൽ ചെയ്ത RP No.74/2024 ന്റെ 30.01.2024 ലെ വിധിന്യായവും പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEP.S.M

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം

ശ്രീമതി പി രാജേശ്വരി മാനേജർ വി വി ഹയർ സെക്കൻഡറി സ്കൂൾ താമരക്കുളം

ശ്രീ ആർ ഹരിശങ്കർ എഫ് ടി എം വി വി ഹയർസെക്കൻഡറി സ്കൂൾ താമരക്കുളം

അഡ്വക്കേറ്റ് ജനറൽ എറണാകുളം(ആമുഖ കത്ത് സഹിതം)

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മാവേലിക്കര

അക്കൗണ്ടൻറ് ജനറൽ ഓഡിറ്റ്(A&E) തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

വെബ് ന്യൂ മീഡിയ/കൈറ്റ്സ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 19-04-2024 22:17:02

സെക്ഷൻ ഓഫീസർ

പകർപ്പ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎക്ക്